"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- കാസർഗോഡ് ജില്ല - പള്ളിക്കര ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിന് കെ.യു.ആർ.ഡി.എഫ്.സി.-യിൽ നിന്നും വായ്പ എടുക്കുന്നതിന് പള്ളിക്കര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.2189/2025/LSGD തീയതി,തിരുവനന്തപുരം, 09-09-2025

---

പരാമർശം:-

1. സ.ഉ.(കൈ)നം.147/2009/ത.സ്വ.ഭ.വ തീയതി 29/07/2009
2. 01/10/2024 ൽ നടന്ന പള്ളിക്കര ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ സാധാരണ യോഗത്തിലെ 22-ാം നമ്പർ തീരുമാനം
3. 13/01/2025 ൽ നടന്ന പള്ളിക്കര ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ സാധാരണ യോഗത്തിലെ 23(2), 23(3), 23(4), 23(5) എന്നീ നമ്പർ തീരുമാനങ്ങൾ
4. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 08/03/2025 ലെ LSGD/PD/6372/2025 -CSSA4 നമ്പർ കത്ത്
5. പള്ളിക്കര ഗ്രാമപഞ്ചായത്തിൽ 17/05/2025 ൽ നടന്ന സാധാരണ മീറ്റിംഗിലെ 21(01)-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ പഴയ ഓഫീസ് കെട്ടിടം പൊളിച്ച് പുതിയത് നിർമ്മിക്കുന്നതിനായി KURDFC യിൽ നിന്നും 4 കോടി രൂപ വായ്പയെടുക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കണമെന്ന പരാമർശം (2), & (3) എന്നിവ പ്രകാരം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിട നിർമ്മാണത്തിനായി 4 കോടി രൂപ കെ.യു.ആർ.ഡി.എഫ്.സി.-യിൽ നിന്നും വായ്പയെടുക്കുന്നതിനുള്ള അപേക്ഷ പരാമർശം (1) ൽ നിഷ്കർഷിച്ചിട്ടുള്ള അനുബന്ധ രേഖകൾ സഹിതം പരാമർശം (4) മുഖേന ലഭ്യമാക്കിയിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ൽ നിഷ്കർഷിച്ചിട്ടുള്ള രേഖകൾ അനുമതിക്കുള്ള അനുകൂല നടപടികൾക്കായി പരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിലും, വായ്പയും പലിശയും തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് സർക്കാർ തലത്തിൽ ടി തിരിച്ചടവ് തുക കുറവ് ചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നൽകാവുന്നതാണെന്നുമുള്ള പരാമർശം (3) , (5) കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും ; വരുമാന ദായക പദ്ധതിനിർദേശം ഇല്ല എങ്കിലും കാലപ്പഴക്കം ചെന്ന പള്ളിക്കര ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം പൊളിച്ച് തൽസ്ഥാനത്ത്

പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 4 കോടി രൂപ (നാല് കോടി രൂപ മാത്രം) 9% പലിശ നിരക്കിൽ 13 വർഷത്തെ തിരിച്ചടവ് കാലയളവിൽ KURDFC - യിൽ നിന്നും വായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡീഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2. സെക്രട്ടറി, പള്ളിക്കര ഗ്രാമപഞ്ചായത്ത്, കാസർഗോഡ്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
4. ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
6. കരുതൽ ഫയൽ (ഡി.ബി1/75/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 09-09-2025 13:58:58